(സി) ഉണ്ടെങ്കിൽ അതിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളം എന്തെല്ലാം ;

(ഡി) അതിന്മേൽ ഗവണ്മെന്റ് സ്വീകരിച്ച നടപടികളം എന്തെല്ലാം?

പൊതുജനാരോഗ്യ വകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) 2951 പേർ.

(ബി) ഉണ്ട്.

(സി, ഡി) വിവരങ്ങളം അടങ്ങിയ ഒരു † ലിസ്റ്റ് മേശപ്പുറത്ത് വച്ചിട്ടുണ്ട്.

ശ്രീ. ഈ. പി. ഗോപാലൻ : ഇവർക്ക് ഏപ്രിൽ ഒന്നാം തീയതിക്ക് മുമ്പുതന്നെ വേറെ എന്തെങ്കിലും ജോലി കൊടുക്കാൻ കഴിയുമെങ്കിൽ, ഏതെല്ലാം ഡിപ്പാർട്ടുമെന്റുകളിൽ, എത്ര പേർക്ക് കൊടുക്കാൻ കഴിയുമെന്നുള്ളതിനെപ്പറ്റി ഒരു തീരുമാനം എടുത്തിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : കൃത്യമായി തിട്ടപ്പെടുത്തിയിട്ടില്ല. ഇതിനെസംബന്ധിച്ച് ഹെൽത്തിന്റെ ഡിമാന്റു വന്ന അവസരത്തിൽ ഞാൻ മറുപടി പറഞ്ഞ കൂട്ടത്തിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്.

ശ്രീ. ഈ. പി. ഗോപാലൻ : അതിനശേഷമാണല്ലോ ഈ ചോദ്യം ഇവിടെ ഉന്നയിക്കുന്നത്. അതുകൊണ്ട് അതിനശേഷം വല്ല വിവരവും കിട്ടിയിട്ടുണ്ടെങ്കിൽ അറിഞ്ഞാൽ കൊള്ളാം.

ശ്രീ. എം. പി. ഗോവിന്ദൻ നായർ : കൃത്യമായി പറയാൻ നിവൃത്തിയില്ല. ഏപ്രിൽ ഒന്നാം തീയതിക്ക് മുമ്പ് കുറച്ചുപേരെ നിയമിക്കാൻ സാധിക്കുമെന്നു പ്രതീക്ഷിക്കുന്നു.

ക്ഷയരോഗികൾക്ക് ധനസഹായം

* 837. [3] ശ്രീ. ആർ. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ട്രഷറിലെ ക്ഷയരോഗികൾക്കുള്ള എത്ര ധനസഹായ അപേക്ഷകൾ ഈ ഡിസംബർ അവസാനംവരെ ഗവണ്മെന്റിലേക്ക് കിട്ടി ;

(ബി) ഓരോ ജില്ലകളിലും എത്ര അപേക്ഷകൾവീതം എന്നു പറയാൻ ദയവുണ്ടാകുമോ ;

(സി) എത്ര അപേക്ഷകൾക്ക് ഇതിനകം സഹായധനം കൊടുത്തു ?

Mr. Speaker : Question No. 3 has already been answered.

Shri E. P. Gopalan : Part (c) has not been answered.

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

എല്ലാം ആൻസർ ചെയ്തു കഴിഞ്ഞിട്ടുള്ളതാണ്. അതിനശേഷം ഒരു വിവരവും കിട്ടിയിട്ടില്ല.

ശ്രീ. ഈ. പി. ഗോപാലൻ : അന്ന് എല്ലാറ്റിന്റെയും ഉത്തരം പറഞ്ഞിട്ടുണ്ടെന്നുള്ളതു് അറിയാം. ഇതിന് നടപടി എടുത്തുകൊണ്ടിരിക്കുന്നു എന്ന അഭിപ്രായം ആണെന്നുണ്ടെങ്കിൽ, അതിനശേഷം ആർക്കും ഒന്നും കൊടുത്തിട്ടില്ലെന്നാണോ ധരിക്കേണ്ടതു് ?

† Placed in the Library.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഇതൊന്നും ഞാൻ പറഞ്ഞതല്ല.

ശ്രീ. ഈ. പി. ഗോപാലൻ : വിവരങ്ങളും അറിയേണ്ടതു് ഞങ്ങളും ക്കാണു്. എത്രപേർക്കു് ഇതുവരെ ധനസഹായം ചെയ്തുകൊടുത്തിട്ടുണ്ടെന്നോണു് അറിയേണ്ടതു് ?

മി. സ്പീക്കർ : ഇന്നത്തെ സ്ഥിതിവെച്ചു് ഉത്തരം പറയാൻ സാധിക്കുകയില്ലല്ലോ. ഈ ചോദ്യം മുമ്പു തന്നിട്ടുള്ളതല്ലേ ? അന്നു് ശേഖരിച്ചിട്ടുള്ള വിവരങ്ങളും മാത്രമേ ഇവിടെ പറയാൻ സാധിക്കുകയുള്ളു.

പോലീസു് റിക്രൂട്ടുമെന്റു്

* 838. [4] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്നത്തെ പോലീസ്വകുപ്പുമന്ത്രി ചാർജ്ജെടുത്തതിനുശേഷം എത്ര പേരെ വിവിധ തസ്തികളിലായി പോലീസിൽ റിക്രൂട്ടു് ചെയ്തിട്ടുണ്ടു് എന്നെല്ലാം ;

(ബി) പ്രസ്തുത റിക്രൂമെൻറിൽ പട്ടികജാതിക്കാരെ എത്ര പേരെതെരഞ്ഞെടുത്തു ; ഏതെല്ലാം ഡിസ്ട്രിക്ടുകളിൽനിന്നു് ; ആരെയെല്ലാം ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ ആൻഡു് ബി) 1960–61, 1962–63 എന്നീ വർഷങ്ങളിൽ പോലീസു് ഡിപ്പാർട്ടുമെൻറിലേയ്ക്കു റിക്രൂട്ടു് ചെയ്തിട്ടുള്ളതിനെപ്പറ്റിയുള്ള വിശദ വിവരങ്ങളടങ്ങുന്ന ഒരു † സ്റ്റേറ്റുമെൻറു മേശപ്പുറത്തുവെച്ചിട്ടുണ്ടു്.

ശ്രീ. പി. സി. ആദിച്ചൻ : പബ്ലിക്കു സർവ്വീസു് കമ്മീഷൻ നിയമനം നടത്തുമ്പോഴും അതിൽ ഇത്രശതമാനം പട്ടികജാതിക്കാർക്കു് കൊടുക്കണമെന്നുണ്ടു്. ഇവിടെ തന്ന ലിസ്റ്റനുസരിച്ചു് 4018 പേരെ പോലീസു് ഡിപ്പാർട്ടുമെൻറിലേക്കു് നിയമിച്ചിട്ടുണ്ടെന്നും, അതിൽ 174 പേർ മാത്രമേ പട്ടികജാതിക്കാരുള്ളുവെന്നുമാണു് കാണുന്നതു്. പബ്ലിക് സർവ്വീസു് കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള ശതമാനം ഇതിൽ വരുന്നുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണു് ?

ശ്രീ. ആർ. ശങ്കർ : പട്ടികജാതിക്കാർക്കു് പത്തു് ശതമാനം അനുവദിച്ചിട്ടുണ്ടെങ്കിലും, നിശ്ചിതയോഗ്യതയുള്ളവരെ മാത്രമേ എടുക്കാൻ വ്യവസ്ഥ ചെയ്തിട്ടുള്ള. പോലീസു് ഡിപ്പാർട്ടുമെൻറിലേക്കു് റിക്രൂട്ടു് ചെയ്യുമ്പോൾ ആവശ്യമുള്ള നീളവും, വണ്ണവും, ശാരീരവും മറ്റു യോഗ്യതകളും നോക്കും. അതെല്ലാം കണക്കിലെടുത്തായിരുന്നാൽ മാത്രമേ എടുക്കുകയുള്ള. ഈ യോഗ്യതകളും ഉള്ളവർ പട്ടികജാതിക്കാരിൽ കുറവായിരുന്നതുകൊണ്ടു് മാത്രമാണു് അവരുടെ എണ്ണം കുറയാൻ കാരണം.

ശ്രീ. സി. അച്യുതമേനോൻ : കഴിഞ്ഞ പ്രാവശ്യം കുറെ പോലീസു് സബ് ഇൻസ്പെക്ടർമാരെ പബ്ലിക്കു് സർവ്വീസു് കമ്മീഷൻ അഡൈവസു് ചെയ്തിനുശേഷം, എന്തോ പിശകു വന്നതിന്റെ അടിസ്ഥാനത്തിലാണു് അങ്ങനെ റിക്രൂട്ടു ചെയ്യേണ്ടി വന്നതെന്നും, അതു് റദ്ദു ചെയ്യണമെന്നും ഐ.ജി.–ക്കു് ഓർഡർ കൊടുക്കുകയുണ്ടായി. അതനുസരിച്ചു് സബ് ഇൻസ്പെക്ടർമാരായി തിരഞ്ഞെടുത്തവരുടെ പേരുകളെല്ലാം കാൻസൽ ചെയ്യുകയുണ്ടായി. ഇപ്പോൾ രണ്ടോമൂന്നു് പോലീസു് സബ് ഇൻസ്പെക്ടർമാരായി പി.എസ്.സി. റിക്രൂട്ടു ചെയ്യുന്നതായി അറിയുന്നു. അങ്ങനെ റിക്രൂട്ടു ചെയ്യുകയാണെങ്കിൽ, കഴിഞ്ഞ പ്രാവശ്യം തിരഞ്ഞെടുത്തവർക്കു് നിയമനം കൊടുക്കാൻ വേണ്ട നടപടികളെടുക്കുമോ ?

† Appendix I.

LIBRARY ARCHIVES Kerala Legislative Assembly